## XI ക്രമപ്രശ്നം

ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നത് സംബന്ധിച്ച്

ശ്രീ. പി. ടി. തോമസ്: സർ, 2021-ലെ കേരള ധനകാര്യ ബിൽ, 2021-ലെ കേരള ധനകാര്യ (2-ാം നമ്പർ ബിൽ) എന്നിവ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം സഭ പരിഗണിക്കുകയാണ്. ഈ ദിവസം തന്നെ സബ്ജക്ട് കമ്മിറ്റി II, VIII, IX, XIV എന്നിവ സംയുക്തയോഗം ചേർന്ന് ബിൽ പരിഗണിക്കുകയാണ്. എന്നാൽ ധനാഭ്യർത്ഥനകളുടെ ചർച്ച സഭ പൂർത്തീകരിച്ചിട്ടില്ല. ഇനി 13 ധനാഭ്യർത്ഥനകൾ ചർച്ച ചെയ്യാനുണ്ട്. 19 ധനാഭ്യർത്ഥനകൾ സഭ വോട്ടുചെയ്ത് പാസ്സാക്കാനുണ്ട്. ആകെ 46 ധനാഭ്യർത്ഥനകളാണ് ബഡ്ജറ്റിലുള്ളത്. ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ചശേഷമാണ് നിയമസഭയിലും പാർലമെന്റിലും ധനകാര്യ ബിൽ അവതരിപ്പിക്കുന്നത്. " The Finance Bill should however be preceded by Demands for Grants and the connected Appropriation Bill. In other words, the sequence in regard to budget, as provided in Articles 112 to 115 of the Constitution has to be followed." എന്നാണ് ശക്ധർ ആൻഡ് കൗൾ പറയുന്നത്. ബഡ്ജറ്റ് സഭ പാസ്സാക്കിയതിനുശേഷം കാര്യോപദേശക സമിതി തീരുമാനിക്കുന്ന ദിവസം ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം സഭയിൽ അവതരിപ്പിക്കാമെന്നാണ് നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ പറയുന്നത്. എന്നാൽ 2005-ൽ മൂല്യവർദ്ധിത നികുതി നിയമം നിലവിൽ വന്ന പ്രത്യേക സാഹചര്യത്തിലാണ് ധനാഭ്യർത്ഥന പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യ ബിൽ പാസ്സാക്കിയിട്ടുള്ളത്. അതോടൊപ്പംതന്നെ 2018-ൽ ധനാഭ്യർത്ഥന പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചുവെങ്കിലും സബ്ജക്ട് കമ്മിറ്റി ചേർന്നത് ധനാഭ്യർത്ഥന പാസ്സായതിനു ശേഷമാണ്. ധനാഭ്യർത്ഥനകൾ സഭ വോട്ടുചെയ്ത് പാസ്സാക്കുന്നതിനുമുമ്പ് ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾ ഉൾപ്പെട്ട ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നതും സബ്ജക്ട് കമ്മിറ്റി പരിശോധിക്കുന്നതും ക്രമപ്രകാരമല്ല. ആയതിനാൽ, ധനകാര്യബിൽ പരിശോധിക്കുന്നതിനായുള്ള സബ്ജക്ട് കമ്മിറ്റിയുടെ യോഗം ധനാഭ്യർത്ഥന ചർച്ച പൂർത്തീകരിച്ചശേഷം ചേരുന്നതിനും ധനാഭ്യർത്ഥന പാസ്സാക്കുന്നതിന് മുമ്പ് ധനകാര്യബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്ന നടപടി കീഴ്‌വഴക്കമായി തുടരാതിരിക്കാനും വ്യക്തമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ധനാഭ്യർത്ഥന പൂർത്തീകരിക്കുന്നതിനുമുമ്പ് ധനകാര്യ ബിൽ അവതരിപ്പിച്ച് പാസ്സാക്കുന്നതിൽ ഭരണഘടനാപരമായോ ചട്ടപ്രകാരമുള്ളതോ ആയ ഏതെങ്കിലും വ്യവസ്ഥയുടെ ലംഘനമില്ല. ധനകാര്യബിൽ സഭ പാസ്സാക്കുന്നത് 12-8-2021-ൽ മാത്രമാണ്. ആയതിനാൽ, ധനകാര്യബിൽ വിഷയനിർണ്ണയ സമിതി മുമ്പാകെ പരിഗണനയ്ക്കയയ്ക്കുന്ന നടപടിക്ക് നിയമതടസ്സമില്ല. മാത്രവുമല്ല, കോവിഡുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യത്തിൽ എത്രയും പെട്ടെന്ന് നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. കാര്യോപദേശക സമിതിയിൽ ചർച്ച ചെയ്ത് സഭ അംഗീകരിച്ച കാര്യക്രമം അനുസരിച്ചുതന്നെയാണ് മുന്നോട്ടുപോകുന്നത്.

## റൂളിംഗ്

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... 2021-22 വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും പൂർത്തീകരിക്കുന്നതിന് മുമ്പായി ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങൾക്ക് നിയമ പ്രാബല്യം നല്കുന്നതിനായുള്ള 2021-ലെ കേരള ധനകാര്യ ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നതും അവ സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്നതും ക്രമപ്രകാരമല്ലെന്നാണ് ക്രമപ്രശ്നത്തിലൂടെ ബഹുമാനപ്പെട്ട അംഗം ശ്രീ. പി. ടി. തോമസ് ഉന്നയിച്ചത്. നമ്മുടെ സഭാ ചട്ടങ്ങളുടെയും കീഴ്‌വഴക്കത്തിന്റെയും അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ ക്രമരഹിതമായി ഒന്നുമില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി.

ചെയർ ഇക്കാര്യം പരിശോധിച്ചു. ധനകാര്യ ബില്ലുകൾ ബഡ്ജറ്റിലെ നികുതി നിർദ്ദേശങ്ങളും മറ്റ് അനുബന്ധ കാര്യങ്ങളുമായി ബന്ധപ്പെട്ടവയാണ്. ബഡ്ജറ്റിലെ ധനാഭ്യർത്ഥനയുമായി ബന്ധപ്പെട്ട ചർച്ചയും വോട്ടെടുപ്പുമായി ധനകാര്യ ബില്ലിന്റെ പരിഗണനയ്ക്ക് നേരിട്ട് ബന്ധമില്ലെങ്കിൽപ്പോലും ഒരു കീഴ്‌വഴക്കമെന്ന നിലയിൽ ധനാഭ്യർത്ഥനകളുടെ പരിഗണന പൂർത്തീകരിച്ചതിനുശേഷമാണ് നമ്മുടെ സഭയിൽ ധനകാര്യ ബില്ലുകൾ പരിഗണിച്ചുവരുന്നത്. എന്നാൽ, ചില പ്രത്യേക സാഹചര്യങ്ങളിൽ ധനകാര്യ ബിൽ നേരത്തെ തന്നെ പരിഗണിച്ച സന്ദർഭങ്ങളും സഭയിലുണ്ടായിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ഈ സമ്മേളനത്തിലെ സഭ ചേരുന്ന ദിവസങ്ങളിൽ കുറവുവരുത്തിയ സാഹചര്യത്തിലാണ് ഇത്തവണ ധനകാര്യ ബില്ലുകൾ പരിഗണിക്കുന്നതിൽ പുതിയ സമയക്രമം നിശ്ചയിക്കപ്പെട്ടത്. ഇക്കാര്യത്തിൽ ചട്ടങ്ങളുടെയോ, കീഴ്‌വഴക്കങ്ങളുടെയോ, ലംഘനമുണ്ടായിട്ടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly